## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **04-07-2022 - ൽ മറുപടിയ്ക്ക്**

## കുളിമാട് പാലം തകർന്ന സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുളിമാട് പാലത്തിന്റെ നിർമ്മാണഘട്ടത്തിൽ മൂന്ന് ബീമുകൾ തകർന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; | (എ) | നടത്തിയിരുന്നു. |
| (ബി) | പാലത്തിന്റെ ബീം സ്ഥാപിക്കുന്ന അവസരത്തിൽ പദ്ധതിയുടെ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ബീമുകൾ സ്ഥാപിക്കുന്ന അവസരത്തിൽ കരാർ കമ്പനിയുടെ ജീവനക്കാരെ കൂടാതെ KRFB-PMU ന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റിൽ വന്ന ശേഷം അടുത്തുള്ള മറ്റൊരു സൈറ്റിലേയ്ക്ക് പോയിരുന്നു എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുൻകൂർ അനുമതിയോടെ ആകസ്മിക അവധിയിലായിരുന്നു എന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. |
| (സി) | ഹൈഡ്രോളിക് ജാക്കിയുടെ സാങ്കേതിക തകരാറാണ് പാലം തകരാൻ കാരണമെന്ന കരാറുകാരുടെ വാദം അംഗീകരിച്ചിട്ടുണ്ടോ; | (സി) | സംഭവം നടന്ന ഉടനെ ആരുടെയെങ്കിലും വാദം സ്വീകരിക്കുകയോ തള്ളുകയോ അല്ല വകുപ്പ് ചെയ്തത്. ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പി.ഡബ്ല്യു.ഡി. വിജിലൻസിനെ ചുമതലപ്പെടുത്തുകയായിരുന്നു. പി.ഡബ്ല്യു.ഡി. വിജിലൻസിന്റെ ആവശ്യാർത്ഥം കോഴിക്കോട് NIT യിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും, ദൃക്സാക്ഷികളുടെ മൊഴിയും, ബീം മറിഞ്ഞു വീണ രീതിയും വിശകലനം ചെയ്തതിൽ നിന്നും ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകത അപകടത്തിനു കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് ആവശ്യമായ ശാസ്ത്രീയ-സാങ്കേതിക പരിശോധനകളുടെയും ദൃക്സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിലാണ് കണ്ടെത്തിയത് എന്ന് റിപ്പോർട്ടിൽ പറയുന്നു. |
| (ഡി) | പ്രസ്തുത പാലം പണിയുടെ അപാകതയും | (ഡി) | ശാസ്ത്രീയവും സാങ്കേതികവുമായി പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | അഴിമതിയും അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | | വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ പാലം പണിയിൽ മറ്റ് അപാകതകളോ അഴിമതിയോ കണ്ടെത്തിയിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ ഒന്നാം തല ഗുണനിലവാര പരിശോധനാഫലവും രണ്ടാംഘട്ട ഗുണനിലവാര പരിശോധനാഫലവും അപകടത്തിന്ശേഷം ശേഖരിച്ച സാമ്പിളുകളിൽ നടത്തിയ പരിശോധനാഫലവും പ്രവൃത്തിയ്ക്ക് ആവശ്യമായ ഗുണനിലവാരം ഉണ്ടെന്ന് കാണിക്കുന്നുവെന്നും അന്വേഷണറിപ്പോർട്ടിൽ പറയുന്നു. |

സെക്ഷൻ ഓഫീസർ